**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5779** **25-03-2025 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഒരു സാമ്പത്തിക വർഷം എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ ഒരു കോടി രൂപയുടെ പ്രവൃത്തി ഭരണാനുമതി നൽകിയതിനുശേഷം ആ സാമ്പത്തിക വർഷത്തെ എല്ലാ പ്രവൃത്തികളും പൂർത്തിയായി ഫൈനൽ ബിൽ സമർപ്പിക്കുന്നതുവരെ കാത്തുനിൽക്കാതെ പൂർത്തിയായ പ്രവൃത്തികളുടെ അവസാന ബില്ല് സമർപ്പിച്ചതിനുശേഷം ബാക്കി വരുന്ന തുക ഉപയോഗിച്ച് ആ തുകയ്ക്കുള്ള ഒരു പുതിയ പ്രവൃത്തി എം.എൽ.എ. യ്ക്ക് നിർദ്ദേശിക്കാമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രസ്തുത ചോദ്യം ടെണ്ടർ സേവിംഗ്സുമായി ബന്ധപ്പെട്ടതായതിനാൽ എംഎൽഎമാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല. ആയതിനാൽ പൂർത്തിയായ പ്രവൃത്തികളുടെ അവസാന ബില്ല് സമർപ്പിച്ചതിനുശേഷം ബാക്കി വരുന്ന തുക ഉപയോഗിച്ച് ആ തുകയ്ക്കുള്ള ഒരു പുതിയ പ്രവൃത്തി പ്രത്യേക വികസന നിധിയിൽ എം.എൽ.എ. യ്ക്ക് നിർദ്ദേശിക്കാനാവില്ല. |
| (ബി) | ഒരു സാമ്പത്തികവർഷം ഒരു കോടി രൂപയിൽ കൂടുതൽ ഫണ്ട് ചെലവഴിക്കാൻ പാടില്ല എന്നാണോ പ്രത്യേക വികസന നിധി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നതെന്നും ഒരു കോടി രൂപയിൽ കൂടുതൽ തുകയ്ക്ക് ഭരണാനുമതി നല്കാൻ പാടില്ലായെന്ന് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നുണ്ടോയെന്നും വിശദമാക്കാമോ? | (ബി) | എംഎൽഎമാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി)നം.161/2017/ധനം (അച്ചടി) നമ്പർ ഉത്തരവിലെ ഖണ്ഡിക 3.2 -ൽ ഒരു മണ്ഡലത്തിനായി വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപ പൂർണ്ണമായും റിലീസ് ചെയ്തു നല്കിയിട്ടില്ലെങ്കിലും ഒരു സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയ്ക്ക് ഭരണാനുമതി പുറപ്പെടുവിച്ച് നല്കാവുന്നതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ മൊത്തം ഭരണാനുമതി തുക ഒരു കോടി രൂപയിൽ നിലനിർത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ